**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1635** **08-12-2022 - ൽ മറുപടിയ്ക്ക്**

**പരിവർത്തനം ചെയ്ത ഭൂമിയിൽ വീട് വയ്ക്കുന്നതിന് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി നിയോജകമണ്ഡലത്തിലെ കറുകുറ്റി മാമ്പ്ര കുന്നത്ത് പറമ്പിൽ ഫെമിനി ജോസിന് സൗജന്യമായി ലഭിച്ച മൂന്ന് സെന്റ് ഭൂമിയിൽ വീടുവയ്ക്കുന്നതിനുള്ള അനുമതിക്കായി സമർപ്പിച്ച 19.9.22 തീയതിയിലെ 2412/വി.ഐ.പി/എം/2022 നമ്പർ അപേക്ഷ എറണാകുളം ജില്ലാ കളക്ടർക്ക് അയച്ചു കൊടുത്തിട്ടുണ്ടോയെന്നും പ്രസ്തുത അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടിയെന്തെന്നും വ്യക്തമാക്കുമോ; | (എ) | അങ്കമാലി നിയോജക മണ്ഡലത്തിലെ കറുകുറ്റി മാമ്പ്ര കുന്നത്ത് പറമ്പിൽ ശ്രീമതി. ഫെമിനി ജോസ് എന്നയാൾക്ക് സൗജന്യമായി ലഭിച്ച മൂന്ന് സെന്റ് ഭൂമിയിൽ വീടുവെയ്ക്കുന്നതിനുള്ള അനുമതിക്കായി, 19.09.2022-ൽ R1015691 നം. പ്രകാരം, റവന്യൂ മിത്രം പോർട്ടൽ മുഖേന അപേക്ഷ ലഭിച്ചിരുന്നു. പ്രസ്തുത അപേക്ഷയിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി, 2412/വി.ഐ.പി/എം/2022 നമ്പർ പ്രകാരം, എറണാകുളം ജില്ലാ കളക്ടർക്കും, ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസർക്കും കൈമാറി നല്കിയിരുന്നു.<br><br>ടി അപേക്ഷ പരിശോധിച്ചതിൽ, ആലുവ താലൂക്ക് പാറക്കടവിൽ വില്ലേജിൽ ഉൾപ്പെട്ടതും, വില്ലേജ് റിക്കാർഡുകൾ പ്രകാരം നിലമായി കിടക്കുന്നതുമായ സ്ഥലത്ത് വീട് വെക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനായാണ്, അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ഇപ്രകാരം, വില്ലേജ് റിക്കാർഡുകൾ പ്രകാരം നിലമായിട്ടുള്ള ഭൂമി, പുരയിടമാക്കി നൽകുന്നതിന്, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ട പ്രകാരമുള്ള നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്.<br><br>ടി ആവശ്യത്തിനായി ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ആഫീസർക്ക് സമർപ്പിച്ചിരുന്ന ഫോറം 5 അപേക്ഷ, Q-20376 നമ്പർ പ്രകാരം, റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി, പാറക്കടവ് കൃഷി ഓഫീസർക്ക് നല്കിയിട്ടുള്ളതും, ടി വിവരം സൂചിപ്പിച്ച് കൊണ്ട് അപേക്ഷകയ്ക്ക് റവന്യൂ ഡിവിഷണൽ ആഫീസർ മറുപടി നൽകിയിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത വിഷയത്തിൽ അടിയന്തര ഇടപെടൽ നടത്തുമോ; വിശദാംശം നൽകുമോ? | (ബി) | ഫോറം 5 അപേക്ഷയിന്മേലുള്ള, പാറക്കടവ് കൃഷി ഓഫീസറുടെ റിപ്പോർട്ട്, അടിയന്തിരമായി ലഭ്യമാക്കി, നിയമ/ ചട്ട പ്രകാരമുള്ള തുടർ നടപടികൾ |

| | | | |
|---|---|---|---|
| | | | ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ആഫീസർ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ